"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡിഎ1/317/2021-തസ്വഭവ
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 30/11/2021

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - CC ടി.വി ക്യാമറ സ്ഥാപിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രോജക്ട് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് - അനുമതി നൽകുന്നതിന് വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നത് - സംബന്ധിച്ച്.

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 14.09.2021 ൽ നടന്ന യോഗത്തിന്റെ തീരുമാനം 3.4

***********************

സി.സി.ടി.വി ക്യാമറ സ്ഥാപിക്കുന്നതിന് പല തദ്ദേശ ഭരണ സ്ഥാപനങ്ങളും വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തുന്നുണ്ട്. ഇത് മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രത്യേക അനുമതിക്കായി കോഓർഡിനേഷൻ കമ്മിറ്റിയിൽ നൽകുന്ന അപേക്ഷകൾ പ്രദേശത്തിന്റെ പ്രത്യേകതകൂടി പരിഗണിച്ച് അനുമതി നൽകുകയാണ് പതിവ്. ഇത് സംബന്ധിച്ച് ചുവടെയുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- പ്രൊജക്റ്റ് പ്രകാരം സ്ഥാപിച്ചിരിക്കുന്ന ക്യാമറകളുടെ പ്രവർത്തന ക്ഷമതയും ഇതിന്റെ സഹായത്തോടെയുള്ള മോണിറ്ററിംഗും തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. സി.സി.റ്റി.വിയുടെ ഗുണനിലവാരം, വില എന്നിവ സംബന്ധിച്ചും പരിശോധന നടത്തണം.
- സി.സി.റ്റി.വി സ്ഥാപിക്കുമ്പോൾ അതിന്റെ മോണിറ്ററിംഗിന് പോലീസ് സ്റ്റേഷനെകൂടി ഉൾപ്പെടുത്തണം. സി.സി.റ്റി.വി ക്യാമറ സ്ഥാപിക്കുന്നതിന് റസിഡൻസ് അസോസിയേഷൻ, സമീപമുള്ള കടകൾ മറ്റ് ഗുണഭോക്താക്കൾ എന്നിവരുടെ സഹകരണവും സാമ്പത്തികമായി ചെറിയതോതിലെങ്കിലുമുള്ള പങ്കാളിത്തവും തദ്ദേശഭരണസ്ഥാപനം ഉറപ്പുവരുത്തണം.
- CC TV സ്ഥാപിക്കുന്നതിന് ഇനി അനുമതി നൽകുമ്പോൾ ഇത്തരം പൊതുജന പങ്കാളിത്തം ഉള്ള പ്രോജക്ടിനെ മുൻഗണന നൽകുകയുള്ളൂ.

ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

പകർപ്പ്

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
12. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
13. ഡയറക്ടർ ജനറൽ, കില
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
15. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Sureshkumar K
Date: 01-12-2021 11:52:03
Reason: Approved

സെക്ഷൻ ഓഫീസർ.